# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
(2023-26)

**പതിനേഴാമത് റിപ്പോർട്ട്**

**( 2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(വനിതാശിശു വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2026**

# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

**പതിനേഴാമത് റിപ്പോർട്ട്**

**( 2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(വനിതാശിശു വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. V |
| മുഖവുര | .. VII |
| അനുബന്ധം | .. 1 |
| റിപ്പോർട്ട് | .. 3-18 |
| അനുബന്ധം | .. 19 |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

### സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ

<u>അംഗങ്ങൾ</u> :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ

ശ്രീ. എൻ.കെ. അക്ബർ, എം.എൽ.എ

ശ്രീ. എം.എസ്.അരുൺകുമാർ, എം.എൽ.എ

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ, എം.എൽ.എ

ശ്രീ. കെ.യു. ജനീഷ് കുമാർ, എം.എൽ.എ

ശ്രീ. എം.നൗഷാദ്, എം.എൽ.എ

ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ, എം.എൽ.എ

ശ്രീ. എം.വിജിൻ, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി -ഇൻ- ചാർജ്ജ്

ശ്രീമതി റീന വി. ആർ, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്,<br>
ചെയർപേഴ്സൺ,<br>
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,<br>
23 ഫെബ്രുവരി 2026

## ആമുഖം

ജനാധിപത്യത്തിന്റെ അന്ത:സത്ത കാത്തു സൂക്ഷിക്കുന്നതിനും പൊതുജനാഭിലാഷം നിറവേറ്റുന്നതിനും ജനങ്ങളുടെ അറിയാനുള്ള അവകാശം സംരക്ഷിക്കുന്നതിനും സർക്കാർ രേഖകൾ പ്രസിദ്ധപ്പെടുത്തേണ്ടത് അനിവാര്യമാണ്. സർക്കാർ രേഖകൾ യഥാസമയം പുറപ്പെടുവിക്കുന്നുണ്ടോ, അവ പൊതുജന താൽപര്യം നിറവേറ്റുവാൻ പര്യാപ്തമായ രീതിയിലാണോ തയ്യാറാക്കിയിട്ടുള്ളത്, തീരുമാനങ്ങളിൽ നിയമപരമായ പോരായ്മകളുണ്ടോ എന്നറിയുന്നതിന് അവ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. അത്തരം ഉദ്ദേശ്യം ഫലപ്രാപ്തിയിലെത്തിക്കുന്നതിനായാണ് സർക്കാർ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ, വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയും പൊതുമേഖലാസ്ഥാപനങ്ങളുടെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ തുടങ്ങിയവയും ചട്ടപ്രകാരം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് അനുശാസിച്ചിട്ടുള്ളത്.

രേഖകൾ 'നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുക' എന്ന സംജ്ഞ കൊണ്ട് വിവക്ഷിക്കുന്നത് അവ പൊതുജനങ്ങളുടെ അറിവിലേക്കായി തുറന്നുകൊടുക്കുക എന്നതാണ്. രേഖകൾ പരിശോധിക്കുന്നതിനും സർക്കാർ തീരുമാനങ്ങളിൽ ന്യൂനതകളോ ക്രമക്കേടുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി സഭയിൽ ഉന്നയിക്കുന്നതിനും പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഇതുവഴി സാമാജികർക്ക് സാധിക്കുന്നു. നിയമനിർമ്മാണത്തിലെന്നതുപോലെ സർക്കാർ തീരുമാനത്തിലുള്ള പോരായ്മകൾ ചൂണ്ടിക്കാട്ടുന്നതും ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉന്നയിക്കുന്നതും നിയമസഭാംഗങ്ങളുടെ അവകാശങ്ങളിൽപ്പെട്ടതാണ്. രേഖകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാതെ വരുന്നത് അംഗങ്ങളുടെ അവകാശങ്ങളിന്മേലുള്ള കൈകടത്തലും വിവരങ്ങൾ ഗുണഭോക്താക്കളെ യഥാസമയം അറിയിക്കാതിരിക്കുന്നത് നിയമലംഘനവുമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉദ്ദേശിച്ച ഫലപ്രാപ്തി കിട്ടാതെ വരുന്നതും പരിഹാരമാർഗ്ഗം ദുർഘടമായി മാറുന്നതും

അതുവഴി സ്ഥാപനം നഷ്ടത്തിലാകുന്നതും അവയുടെ സാമ്പത്തിക സ്ഥിതിയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുന്ന വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് ചെയ്ത കണക്കുകളും ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാകാത്തതുകൊണ്ടുകൂടിയാണ്.

സ്ഥാപനങ്ങളുടെ റിപ്പോർട്ട് സമർപ്പണത്തിൽ ഏറെ കുടിശിക വരുത്തിയതിനാൽ 13.08.2024-ന് വനിത ശിശു വികസന വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പ് യോഗത്തിൽ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ട് കുടിശിക തീർപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള കർശന നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. സ്ഥാപനത്തിന്റെ കുടിശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് നടത്തിയ തെളിവെടുപ്പിന്റെയും വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിനും സ്ഥാപനങ്ങൾക്കും നൽകിയ നിർദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

## റിപ്പോർട്ട്

കേരളത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രമായ പുരോഗതി, സംരക്ഷണം, ശാക്തീകരണം എന്നിവ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സർക്കാരിന്റെ സുപ്രധാന വകുപ്പാണ് വനിത ശിശുവികസന വകുപ്പ്. 30.06.2017 ലെ ജി.ഒ.(എം.എസ്.) നം. 24/2017/എസ്.ജെ.ഡി ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും വേർപെടുത്തിക്കൊണ്ടാണ് ഈ വകുപ്പ് രൂപീകരിച്ചത്. സ്ത്രീസൗഹൃദപരവും കുട്ടികൾക്ക് സുരക്ഷിതവുമായ ഒരു സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് വകുപ്പിന്റെ പ്രാഥമിക ദൗത്യം.

കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ വളർച്ച ഉറപ്പാക്കുക, സ്ത്രീകൾക്ക് സാമൂഹികവും സാമ്പത്തികവുമായ സ്വാശ്രയത്വം ഉറപ്പാക്കി അവരെ മുഖ്യധാരയിലേക്ക് എത്തിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിനും അവർക്ക് നിയമപരമായ പരിരക്ഷ നൽകുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കുക, സർക്കാർ നയങ്ങളിലും പദ്ധതികളിലും ലിംഗസമത്വം (Gender Equality) ഉറപ്പാക്കുകയും ജെൻഡർ സെൻസിറ്റീവ് ആയ ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക എന്നിവയാണ് വനിത ശിശു വികസന വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ.

2. വനിത-ശിശുവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളും പദ്ധതികളും ഇവയാണ്.

1. കേരള വനിതാ കമ്മീഷൻ
2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ
3. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
4. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്
5. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

6. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി

7. ശ്രീചിത്രാ ഹോം

8. 'നിർഭയ'

9. ജെൻഡർ പാർക്ക്

10. ഐ.സി.ഡി.എസ്.

11. ജുവനൈൽ ജസ്റ്റിസ് ബോർഡ്

12. സംസ്ഥാന അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA)

13. കേരള സംസ്ഥാന ശിശുക്ഷേമ സമിതി (SCPS)

3. സ്ഥാപനങ്ങളുടെ സർക്കാർ മുതൽമുടക്കിന്റെ കണക്കുകൾ സൂക്ഷിക്കലും വിനിയോഗവും സംസ്ഥാന നിയമസഭ നിരീക്ഷിക്കുന്നതിന്റെ ഭാഗമായിട്ടാണ് സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും അതാത് സാമ്പത്തിക വർഷം അവസാനിച്ച് ഒൻപത് മാസത്തിനകവും എസ്. ആർ. ഒ., വിജ്ഞാപനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് രണ്ടു മാസത്തിനകവും സഭയിൽ സമർപ്പിക്കണമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം-166 ൽ നിഷ്കർഷിച്ചിട്ടുള്ളത്. വാർഷിക റിപ്പോർട്ട് മാത്രം സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ ആയത് സാമ്പത്തികവർഷം അവസാനിച്ച് 6 മാസത്തിനകം ലഭ്യമാക്കണം. കാലവിളംബം വരുത്തിയാൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രി സാക്ഷ്യപ്പെടുത്തിയ കാലതാമസപത്രിക സഹിതം ഒരു മാസത്തിനുള്ളിലോ അല്ലെങ്കിൽ തൊട്ടടുത്ത സഭാ സമ്മേളനത്തിലോ സഭയിൽ സമർപ്പിക്കണമെന്ന് ചട്ടം വ്യവസ്ഥ ചെയ്യുന്നു.

4. സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ നിയമാനുസരണം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നുണ്ടോ, അവ സമർപ്പിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ ഉണ്ടെങ്കിൽ അതിന് കാരണം

വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ടോ, കാരണങ്ങൾ ന്യായീകരിക്കത്തക്കതാണോ എന്നിവ പരിശോധിക്കുകയും ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച് ബഹു.സ്പീക്കർ അതതു സമയം ചുമതലപ്പെടുത്തുന്ന മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതും സമിതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

5. രേഖകൾ യഥാസമയം മേശപ്പുറത്ത് വയ്ക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടെങ്കിലും, വകുപ്പുകൾ യഥാസമയം അവ നൽകാതിരിക്കുകയോ, നൽകുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യാറുണ്ട്. അപ്രകാരം റിപ്പോർട്ടുകളും എസ്.ആർ.ഒ/വിജ്ഞാപനങ്ങളും മേശപ്പുറത്ത് വയ്ക്കുന്നതിൽ വനിതാ-ശിശു വികസന വകുപ്പ് ഗുരുതര വീഴ്ച വരുത്തിയതിനാലാണ് വകുപ്പുദ്യോഗസ്ഥരിൽനിന്നും 13.08.2024-ൽ തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിച്ചത്. വകുപ്പിന്റെ നടപടിയിൽ സമിതി അങ്ങേയറ്റത്തെ അതൃപ്തിയും നീരസവും പ്രകടിപ്പിക്കുകയും രേഖകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തരുതെന്നും കുടിശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും നിർദേശിക്കുകയും ചെയ്തു.

6. വനിത-ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഓരോ സ്ഥാപനത്തിന്റെയും തെളിവെടുപ്പ് തീയതി വരെയുള്ള റിപ്പോർട്ട് സമർപ്പണത്തിലെ കുടിശിക സംബന്ധിച്ച വിവരങ്ങൾ താഴെ സൂചിപ്പിക്കുന്നു:

| **സ്ഥാപനം** | **13.08.2024-ലെ കുടിശ്ശിക വിവരം** |
|---|---|
| കേരള വനിതാ കമ്മീഷൻ | 2021-22 മുതൽ 2023-24 വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ |
| കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 2023-24 ലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ട് |

| | |
|---|---|
| കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 2013-14 മുതൽ 2024-25 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട്, 2023-24 വർഷത്തെ വാർഷിക റിപ്പോർട്ടുകൾ |
| കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് | 2013-14 മുതൽ 2022-23 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് | 2016-17 മുതൽ 2023-24 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |

**1. കേരള വനിതാ കമ്മീഷൻ**

7.കേരളത്തിലെ സ്ത്രീകളുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കുന്നതിനും അവർ നേരിടുന്ന ചൂഷണങ്ങൾക്കെതിരെ പോരാടുന്നതിനുമായി പ്രവർത്തിക്കുന്ന നിയമപരമായ ഒരു സംവിധാനമാണ് കേരള വനിതാ കമ്മീഷൻ. 1990-ലെ കേരള വനിതാ കമ്മീഷൻ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരമാണ് കേരള വനിതാ കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുക, ഭരണഘടനയും മറ്റ് നിയമങ്ങളും സ്ത്രീകൾക്ക് നൽകുന്ന അവകാശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, സമൂഹത്തിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് സൗജന്യ നിയമസഹായവും കൗൺസിലിംഗും നൽകുക എന്നിവയാണ് കമ്മീഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

8. കേരള വനിതാ കമ്മീഷന്റെ 2009-10-ലെ വാർഷിക റിപ്പോർട്ട് 28.06.2011 ലും 2010-11 ലെ വാർഷിക റിപ്പോർട്ട് 12.12.2012 ലും 2011-12 ലെ വാർഷിക റിപ്പോർട്ട് 08.07.2013-ലും 2012-13 ലെ വാർഷിക റിപ്പോർട്ട് 03.12.2014-ലും 2013-14 ലെ വാർഷിക റിപ്പോർട്ട് 09.06.2015-ലും 2014-15 ലെ വാർഷിക റിപ്പോർട്ട് 08.08.2017-ലും 2015-16 ലെ വാർഷിക റിപ്പോർട്ട് 23.08.2017-ലും 2016-17 ലെ വാർഷിക റിപ്പോർട്ട് 05.02.2020-ലും 2017-18 ലെ വാർഷിക റിപ്പോർട്ട് 01.06.2021-ലും 2018-19 ലെ

വാർഷിക റിപ്പോർട്ട് 28.06.2022-ലും 2019-20 ലെ വാർഷിക റിപ്പോർട്ട് 09.08.2023 ലും 2020-21 ലെ വാർഷിക റിപ്പോർട്ടും 11.06.2024-ലും സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

9. ചട്ടപ്രകാരം സ്ഥാപനത്തിന്റെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കേണ്ടതുണ്ടെങ്കിലും വാർഷിക റിപ്പോർട്ടുകൾ മാത്രമാണ് സമർപ്പിച്ചിട്ടുള്ളതെന്നും വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടും പുറംചട്ടയിൽ ഓഡിറ്റ് റിപ്പോർട്ടെന്ന് രേഖപ്പെടുത്താതെ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അത് വാർഷിക റിപ്പോർട്ടായി മാത്രമേ സഭാരേഖകളിൽ രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നും അതിനാൽ അത്തരം സാഹചര്യങ്ങളിൽ പ്രസ്തുത റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് പ്രത്യേകം രേഖപ്പെടുത്തുകയോ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി സമർപ്പിക്കുകയോ ചെയ്യണമെന്നും സമിതി നിർദേശിക്കുന്നു.

10. റിപ്പോർട്ട് സമർപ്പിക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് വകുപ്പിന് ലഭ്യമാക്കുന്ന റിപ്പോർട്ടുകളിൽ പലതിലും കാലതാമസപത്രിക സമർപ്പിക്കാത്തതുൾപ്പെടെയുള്ള പോരായ്മകളുണ്ടായിരുന്നതിനാൽ അവയെല്ലാം പരിഹരിക്കുന്നതിനാവശ്യമായ രേഖകളും മറ്റും ഹാജരാക്കണമെന്ന് സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതിന്റെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും കോവിഡ് സാഹചര്യമായതിനാലാണ് ഓഡിറ്റ് നടപടി പൂർത്തിയാക്കുന്നതിനും വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനും കാലതാമസമുണ്ടായതെന്നും 2022 മുതലാണ് കൃത്യമായി ഓഡിറ്റ് നടത്താൻ തുടങ്ങിയതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു.

11. 13.08.2024-ലെ തെളിവെടുപ്പിന് ശേഷം കമ്മീഷന്റെ 2021-22,2022-23 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും 23.01.2025-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

12.കേരള വനിതാ കമ്മീഷന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും ഇടമുറിയാതെ അതതു വർഷങ്ങളിൽ തന്നെ ലഭ്യമാക്കണമെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് 2023-24, 2024-25 വർഷങ്ങളിലെ റിപ്പോർട്ടുകൾ കാലതാമസമന്യേ ലഭ്യമാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. കമ്മീഷന്റെ ശിപാർശകൾ ഉൾക്കൊള്ളുന്ന പ്രത്യേക റിപ്പോർട്ടുകൾ നിയമസഭ മുമ്പാകെ അതിന്റെ അടുത്ത സമ്മേളനത്തിൽ വയ്ക്കേണ്ടതും അപ്രകാരമുള്ള ശിപാർശകൾ സഭയുടെ മുമ്പാകെ വയ്ക്കുന്നതു മുതൽ രണ്ട് മാസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തെക്കൊണ്ട് നടപടി എടുപ്പിക്കാൻ ഇടയാക്കേണ്ടതുമാണെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ അപ്രകാരമുള്ള സ്പെഷ്യൽ റിപ്പോർട്ടുകൾ നിയമസഭ മുമ്പാകെ വയ്ക്കാൻ ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

**14.** കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 1988 ഫെബ്രുവരി മാസം 22-ാം തീയതി കമ്പനീസ് ആക്റ്റ് പ്രകാരം നിലവിൽ വന്ന സ്ഥാപനമാണ്. ഈ കോർപ്പറേഷൻ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സ്ത്രീകളെ സാമ്പത്തിക സ്വാശ്രയത്തിന്റെ പടവുകളിലൂടെ അർഹമായ സാമൂഹിക പദവിയിലേക്കുയർത്തുന്നതു വഴി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഒരു സാമൂഹിക നവോത്ഥാനത്തിനാണ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. സ്ത്രീകളുടെ സ്വയംതൊഴിൽ, ശാക്തീകരണം, നൈപുണ്യവികസനം എന്നിവയ്ക്കാണ് കോർപ്പറേഷൻ മുൻതൂക്കം നൽകുന്നത്.

15. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 2023-24 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയായതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത റിപ്പോർട്ടിന്മേൽ മാർച്ച് മാസത്തിൽ സി.&എ.ജി.-യുടെ Nil റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് മേൽക്കുറിപ്പിനായി ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിച്ചെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ലെന്നും ധനകാര്യ വകുപ്പിൽ ഫോളോഅപ് ചെയ്തിട്ടും

ഇതുവരെയും ലഭിക്കാത്തതുകൊണ്ടാണ് റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കാത്തതെന്നും 15 ദിവസത്തിനകം ധനകാര്യ വകുപ്പിന്റെ മേൽക്കുറിപ്പ് ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്നും വനിത-ശിശുവികസന ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചിരുന്നു. അതിൻപ്രകാരം 2023-24 വർഷത്തെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് സമർപ്പിക്കുന്നതിനായി ലഭ്യമാക്കുകയും 09.10.2025-ാം തീയതിയിൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

16. സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ കൃത്യമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നത് അഭിനന്ദനാർഹമാണ്. തുടർന്നും <u>സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നറിയിക്കുന്നതോടൊപ്പം 2024-25 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

**3. <u>കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ</u>**

17. 2005-ലെ കേന്ദ്രനിയമമായ ബാലാവകാശങ്ങൾ സംരക്ഷിക്കുതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് പ്രകാരമാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്ഥാപിതമായിരിക്കുന്നത്. ഗുരുതരമായ തരത്തിൽ ബാലാവകാശലംഘനം നടന്നതായോ നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവൃത്തികൾ നടന്നതായോ കമ്മീഷന് വ്യക്തമാകുന്നപക്ഷം, ബന്ധപ്പെട്ട വ്യക്തിക്കോ വ്യക്തികൾക്കോ എതിരെ പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് യുക്തമെന്നു തോന്നുന്ന മറ്റു നടപടികളോ സ്വീകരിക്കാൻ സർക്കാരിനോടോ അധികൃതരോടോ ശുപാർശ ചെയ്യുക എന്നതാണ് പ്രസ്തുത കമ്മീഷന്റെ പ്രധാന ദൗത്യം.

18. The Commission for Protection of Child Rights Act, 2005 Section 16(2), 23(1), 23(2) എന്നിവ പ്രകാരം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ വാർഷിക റിപ്പോർട്ടും സ്പെഷ്യൽ റിപ്പോർട്ടും Section 30(4) പ്രകാരം സി&എജിയുടെ ഓഡിറ്റ് റിപ്പോർട്ടും സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ടെങ്കിലും

വാർഷിക റിപ്പോർട്ട് മാത്രമാണ് സമർപ്പിക്കുന്നതെന്നും റിപ്പോർട്ടുകൾ കൃത്യമായി ലഭ്യമാക്കാത്തതിനാൽ വർഷങ്ങൾ കഴിഞ്ഞാലും അവ പെൻഡിംഗായിത്തന്നെ നിലനിൽക്കുമെന്ന് സമിതി വിലയിരുത്തുന്നു. കമ്മീഷൻ ശിപാർശകൾ നൽകുമെന്നല്ലാതെ സ്പെഷ്യൽ റിപ്പോർട്ടായി ഇതുവരെ സമർപ്പിച്ചിട്ടില്ലെന്നും 2020-21 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയെങ്കിലും 2013-14-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ചില പിശകുകൾ കണ്ടെത്തിയതിനെത്തുടർന്ന് സി.&എ.ജി. അധികവിവരം ആരായുകയും അതിന്മേൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നും അത് പൂർത്തിയായാൽ മാത്രമെ തുടർന്നുള്ള വർഷങ്ങളിലെ ഓഡിറ്റ് നടത്താൻ സാധിക്കുകയുള്ളൂവെന്നും വകുപ്പ് സമിതിയെ തെളിവെടുപ്പ് വേളയിൽ അറിയിച്ചിരുന്നു.

19. തെളിവെടുപ്പിനെത്തുടർന്ന് ലഭ്യമാക്കിയ, സ്ഥാപനത്തിന്റെ 2013-14 വർഷത്തെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 17.09.2025 ലും 2023-24 വർഷത്തെ വാർഷിക റിപ്പോർട്ട് 8.10.2024-ലും 2024-25 വർഷത്തെ വാർഷിക റിപ്പോർട്ട് 27.01.2026-ലും സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

20. <u>വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടും പുറംചട്ടയിൽ ഓഡിറ്റ് റിപ്പോർട്ടെന്ന് രേഖപ്പെടുത്താതെ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അത് വാർഷിക റിപ്പോർട്ടായി മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ പ്രസ്തുത റിപ്പോർട്ടിന്റെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' എന്ന് കൃത്യമായി രേഖപ്പെടുത്തുകയോ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി സമർപ്പിക്കുകയോ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കമ്മീഷന്റെ 2014-15 മുതൽ 2024-25 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4. **<u>കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്</u>**

21. കേരളത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രമായ പുരോഗതിയും ശാക്തീകരണവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന മുൻനിര സ്ഥാപനമാണ് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്. 1953-ൽ സ്ഥാപിതമായ കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം 1954-ലാണ് ഈ ബോർഡ് കേരളത്തിൽ നിലവിൽ വന്നത്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടുകളായി (72 വർഷം), സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ദുർബല വിഭാഗങ്ങൾക്കും കൈത്താങ്ങായി ബോർഡ് പ്രവർത്തിച്ചു വരുന്നു.

22. സന്നദ്ധ സംഘടനകളുടെ (Voluntary Organizations) സജീവ പങ്കാളിത്തത്തോടെ ഗ്രാമീണ-നഗര മേഖലകളിൽ വൈവിധ്യമാർന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കുക എന്നതാണ് ബോർഡിന്റെ പ്രധാന ദൗത്യം. വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ബോധവൽക്കരണം എന്നിവയിലൂടെ സ്ത്രീകളെ സ്വയംപര്യാപ്തരാക്കാനും കുട്ടികളുടെ സുരക്ഷയും ആരോഗ്യവും ഉറപ്പാക്കാനും ബോർഡ് പ്രതിജ്ഞാബദ്ധമാണ്.

23. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ 2013-14 ലെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും പുസ്തക രൂപത്തിൽ ലഭ്യമാക്കുന്നതിനും 2014-15 മുതലുള്ള റിപ്പോർട്ടുകളുടെ സ്ഥിതി എന്താണെന്നും റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുന്നതിനും കത്തും നിരവധി ഓർമ്മക്കുറിപ്പുകളും അർദ്ധ ഔദ്യോഗിക കത്തും അയച്ചിരുന്നുവെങ്കിലും യാതൊരു മറുപടിയും വകുപ്പിൽ നിന്നും നൽകിയിട്ടില്ലാത്തത് സമിതി അതീവ ഗൗരവമായി കാണുന്നു. നിയമസഭയുടെ പരിച്ഛേദമായ നിയമസഭാ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ അർഹമായ പരിഗണന നൽകാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത റിപ്പോർട്ടുകൾ നിയമസഭാ സമിതിക്ക് ലഭ്യമാക്കണമെന്ന് ബോർഡിന് അറിയില്ലായിരുന്നുവെന്നും 2022-23 വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും കാലതാമസപത്രികകൾ ഉൾപ്പെടെ വകുപ്പിന് നൽകിയിട്ടുണ്ടെന്നും കേരള സംസ്ഥാന

സാമൂഹ്യക്ഷേമ ബോർഡ് ഉദ്യോഗസ്ഥൻ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

24. പ്രസ്തുത റിപ്പോർട്ടുകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ നൽകിയിട്ടുണ്ടെന്ന് വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചതിന് തെളിവെടുപ്പിന് തലേദിവസം (12.08.2024) ഓഫീസ് പ്രവൃത്തി സമയം കഴിഞ്ഞ് രാത്രി 8 മണിക്കാണ് റിപ്പോർട്ടുകൾ ലഭ്യമാക്കിയതെന്നും പ്രസ്തുത നടപടി അതീവ ഗൗരവമായി സമിതി കാണുന്നുവെന്നും ഇപ്രകാരം തെളിവെടുപ്പ് യോഗത്തിന്റെ തലേദിവസം രാത്രി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതുകൊണ്ട് സമിതി അംഗങ്ങൾക്കോ സമിതി വിഭാഗം ഉദ്യോഗസ്ഥർക്കോ അവ കൃത്യമായി പരിശോധിക്കാൻ സാധിക്കില്ലായെന്നും പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ചതിനു ശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂയെന്നും സമിതി അഭിപ്രായപ്പെട്ടു.

25. സമിതി ആവശ്യപ്പെടുന്ന കാര്യങ്ങൾക്ക് യാതൊരു പരിഗണനയും നൽകാത്ത വകുപ്പിന്റെ നടപടി സമിതിയോടുള്ള അനാദരവായി കണക്കാക്കുന്നുവെന്നും മേലിൽ ഇത്തരം നടപടി വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകരുതെന്നും നിയമസഭാസമിതി ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. തെളിവെടുപ്പിനെത്തുടർന്ന് ലഭ്യമാക്കിയ സ്ഥാപനത്തിന്റെ 2013-14 മുതൽ 2022-23 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 08.10.2024-ൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

27. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ 2023-24 മുതലുള്ള കുടിശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനും ഇനിമേൽ സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ നിശ്ചിത സമയത്തുതന്നെ മേശപ്പുറത്തുവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**5. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്**

28. കേരളത്തിലെ സംയോജിത ശിശു വികസന പദ്ധതി പ്രകാരം അങ്കണവാടികളിൽ പ്രവർത്തിക്കുന്ന വർക്കർമാർക്കും ഹെൽപ്പർമാർക്കും അവശ്യഘട്ടങ്ങളിൽ സാമ്പത്തിക സഹായം ചെയ്യുന്നതിനായി 1992-93 വർഷത്തിൽ ക്ഷേമനിധി രൂപീകരിച്ചു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മേൽനോട്ടത്തിൽ വനിത ശിശു വികസന ഡയറക്ടറേറ്റിൽ ക്ഷേമനിധിയുടെ സംസ്ഥാനതല ഓഫീസ് പ്രവർത്തിച്ചുവരുന്നു. 14 ജില്ലാ വനിതാ ശിശു വികസന ഓഫീസിനോടനുബന്ധിച്ചും ജില്ലാതലത്തിൽ ക്ഷേമനിധി കൈകാര്യം ചെയ്യുന്നതിനായി ഓരോ അക്കൗണ്ടന്റ്മാരെയും നിയമിച്ചിട്ടുണ്ട്. ജില്ലാ വനിതാ ശിശു വികസന ഓഫീസറാണ് ക്ഷേമനിധിയുടെ ജില്ലാതല ഇൻസ്പെക്റ്റിംഗ് ഓഫീസർ. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് 07.03.2013 ലെ സ.ഉ.(എം.എസ്.) നം. 94/2013/സാക്ഷേവ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വരുകയും 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ട് പ്രകാരം പ്രവർത്തനം നടത്തി വരികയും ചെയ്യുന്നു.

29. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിന്റെ 2015-16 വരെയുള്ള റിപ്പോർട്ടുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും 7 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാകാൻ ഇടയായ സാഹചര്യമെന്താണെന്നും തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന്, സ്ഥാപനത്തിൽ ഒരു ഇന്റേണൽ ഓഡിറ്റിംഗ് മെക്കാനിസമുണ്ടായിരുന്നില്ലെന്നും സി.&എ.ജി. ഓഡിറ്റ് മാത്രമാണുണ്ടായിരുന്നതെന്നും എന്നാൽ കഴിഞ്ഞ ബോർഡ് മീറ്റിംഗിൽ ഒരു എക്സ്റ്റേണൽ ഓഡിറ്ററെ കണ്ടെത്തി അദ്ദേഹത്തെ ഇന്റേണൽ ഓഡിറ്ററായി നിയമിച്ചിട്ടുണ്ടെന്നും കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ആറ് മാസത്തെ സമയം അനുവദിക്കണമെന്നും അങ്കണവാടി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിക്കുകയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ആറ് മാസത്തെ സമയം അനുവദിക്കുകയും ചെയ്തിരുന്നു.

30. തെളിവെടുപ്പ് വേളയിൽ നൽകിയ ഉറപ്പ് പ്രകാരം സ്ഥാപനത്തിന്റെ 2016-

17 മുതൽ 2023-24 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ലഭ്യമാക്കുകയും ആയത് 17.9.2025-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

31. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിന്റെ തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശിക വരുത്താതെ അതത് വർഷം തന്നെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**B. സമിതി റിപ്പോർട്ടുകളുടെ നടപടി സ്റ്റേറ്റ്മെന്റ് സംബന്ധിച്ച്**

32. സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാതിരിക്കുകയും തെളിവെടുപ്പ് ദിവസം രാവിലെ മാത്രം ലഭ്യമാക്കുകയും ചെയ്ത നടപടി ഗൗരവത്തോടെ വീക്ഷിച്ച സമിതി, ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ അതത് സമിതിയുടെ കാലയളവിൽ തന്നെ ലഭ്യമാക്കണമെന്ന ചീഫ് സെക്രട്ടറിയുടെ 18.12.2023 ലെ പി.എ.ഡി ബി1/77/2023/പിഎഡി നമ്പർ സർക്കുലർ (അനുബന്ധം-1) നിർദ്ദേശം പാലിക്കണമെന്ന് വകുപ്പിന് കർശന നിർദ്ദേശം നൽകുന്നു.

**C. റിപ്പോർട്ടുകൾ സമർപ്പിക്കാൻ ബാധ്യസ്ഥരായ മറ്റ് സ്ഥാപനങ്ങൾ**

**(i) സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (SCPS)**

33. വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കാൻ ബാധ്യസ്ഥരായ മറ്റ് സ്ഥാപനങ്ങളെ സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന്, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി എന്നത് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണെന്നും പ്രസ്തുത സ്ഥാപനം സൊസൈറ്റിയായി പ്രവർത്തിക്കുന്നതിനാലും ഒരു ജനറൽ ബോഡിയുള്ളതിനാലും എക്സ്റ്റേണലായി ഓഡിറ്റ് ചെയ്യുന്നതിനാലും റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന വിവരം അറിയില്ലായിരുന്നുവെന്നും സെക്രട്ടറി വ്യക്തമാക്കുകയുണ്ടായി. സ്ഥാപനത്തിന്റെ 2021-22 വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് രണ്ടാഴ്ചക്കുള്ളിൽ സമിതിക്ക് സമർപ്പിക്കുന്നതാണെന്നും 2021-22-വർഷത്തിന് ശേഷമുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനായി ആറ് മാസത്തെ സമയം

അനുവദിക്കണമെന്നും വനിത-ശിശുവികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചതിൻപ്രകാരം അപ്രകാരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

34. എന്നാൽ തെളിവെടുപ്പിനുശേഷം നാളിതുവരെ സ്ഥാപനത്തിന്റെ റിപ്പോർട്ടുകളൊന്നും ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം തെളിവെടുപ്പ് വേളയിൽ ഉറപ്പ് നൽകിയ പ്രകാരമുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ii) ശ്രീചിത്രാ ഹോം**

35. ശ്രീചിത്രാ ഹോമിന്റെ 2018-19 മുതൽ 2020-21 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തെളിവെടുപ്പ് ദിവസം രാവിലെ സമിതിക്ക് ലഭ്യമാക്കുകയും 08.10.2024 -ാം തീയതി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിരുന്നു. സ്ഥാപനത്തിന്റെ 2021-22 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനും ഇനിമുതൽ സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ നിശ്ചിത സമയത്തുതന്നെ മേശപ്പുറത്തുവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**(iii) നിർഭയ, ജെൻഡർ പാർക്ക്, ഐസിഡിഎസ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്**

36. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166(ബി) പ്രകാരം സർക്കാർ സഹായം കൈപ്പറ്റുന്ന സ്ഥാപനങ്ങളുടെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ നിശ്ചിത ഫോർമാറ്റിൽ സമയബന്ധിതമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ലെന്നും തെളിവെടുപ്പ് വേളയിൽ സമിതി അറിയിച്ചിരുന്നു.

**'നിർഭയ'**

37. 'നിർഭയ' ഒരു സെൽ എന്ന രൂപത്തിലാണ് പ്രവർത്തിക്കുന്നതെന്നും സെല്ലിനായി ഗ്രാന്റ് അനുവദിക്കുന്നില്ലെന്നും വകുപ്പ് നടത്തുന്ന ഒരു പദ്ധതി മാത്രമാണിതെന്നും സ്വതന്ത്ര നിലനിൽപ്പുള്ള ഒരു ഏജൻസിയല്ല ഇതെന്നും വനിത ശിശു വികസന വകുപ്പിന്റെ വാർഷിക റിപ്പോർട്ടുകളോടൊപ്പം നിർഭയ സെല്ലിന്റെ കണക്കുകളും വരുന്നുണ്ടെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ അറിയിച്ചിരുന്നു.

**ജെൻഡർ പാർക്ക്**

38. ജെൻഡർ പാർക്കിന്റെ റിപ്പോർട്ടുകൾ പ്രത്യേകമായി തന്നെ സമർപ്പിക്കുന്നതാണെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ അറിയിച്ചിരുന്നു. എന്നാൽ തെളിവെടുപ്പ് വേളയിൽ ലഭ്യമാക്കാമെന്നറിയിച്ചിരുന്ന റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കാത്തത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നതോടൊപ്പം സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനും ഇനിമുതൽ സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ നിശ്ചിത സമയത്തുതന്നെ മേശപ്പുറത്തുവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഐ.സി.ഡി.എസ്.**

39. ഐ.സി.ഡി.എസ്. എന്നത് 60:40 എന്ന അനുപാതത്തിൽ നടത്തപ്പെടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണെന്നും അവയ്ക്ക് പ്രത്യേകമായി ഓഡിറ്റ് നടത്തുന്നില്ലെന്നും ഭരണ റിപ്പോർട്ടിനോടൊപ്പം പ്രസ്തുത പദ്ധതിയുടെ വിവരങ്ങളും ഉൾപ്പെടുത്തുന്നുണ്ടെന്നും വനിത ശിശു വികസന ഡയറക്ടർ സമിതിയെ അറിയിച്ചു.

**ജുവനൈൽ ജസ്റ്റിസ് ബോർഡ്**

40. ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നത് അതത് ജില്ലാ മജിസ്ട്രേറ്റുമാരുടെ സാന്നിധ്യത്തിൽ കൂടുന്ന ബോർഡുമാത്രമാണെന്നും വകുപ്പ് ഡയറക്ടർ തെളിവെടുപ്പ്

വേളയിൽ വ്യക്തമാക്കിയിരുന്നു. ജുവനൈൽ ജസ്റ്റിസ് ബോർഡ് സർക്കാർ സഹായം സ്വീകരിക്കുന്നില്ലായെന്നും പ്രസ്തുത ബോർഡിന്റെ ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തുന്നതിനും മറ്റും ചില ഹെഡ്ഡുകളിലൂടെ തുക വകയിരുത്തുന്നുള്ളൂവെന്നും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (എസ്.സി.പി.എസ്.)-യുടെ കീഴിൽവരുന്നവയാണ് ജുവനൈൽ ജസ്റ്റിസ് ബോർഡും സംസ്ഥാന അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA)-യും എന്നും ഈ രണ്ട് പ്രോഗ്രാമുകളും ഇൻഡിപെൻഡന്റ് ഫിനാൻഷ്യൽ പ്രോസസ് നടത്തുന്ന സ്ഥാപനങ്ങളല്ലാത്തതുകൊണ്ട് എസ്.സി.പി.എസ്.-ന്റെ റിപ്പോർട്ടിനോടൊപ്പം ഇവയുടെ റിപ്പോർട്ടുകളും സമർപ്പിക്കുന്നതാണെന്നും വകുപ്പ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ അറിയിച്ചിട്ടുണ്ട്.

**(iv) <u>കേരള സംസ്ഥാന ശിശുക്ഷേമ സമിതി</u>**

**41.** കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ (KSCCW) റിപ്പോർട്ടുകളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ശിശുക്ഷേമ സമിതിയിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അവിടെ ഇന്റേണൽ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞതെന്നും സമിതിയുടെ നിർദേശപ്രകാരം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ എത്രയും വേഗം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശിശുക്ഷേമ സമിതിക്ക് കത്തയയ്ക്കാമെന്നും വനിത-ശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

42. ശിശുക്ഷേമ സമിതിയുടെ 2022-23-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് 13.02.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. <u>ശിശുക്ഷേമ സമിതിയുടെ 2023-24, 2024-25 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**D. 2020 മുതൽ 2023 വരെ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളിൽ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തവ സംബന്ധിച്ച വിശദാംശം**

43. 2020 മുതൽ 2023 വരെ വനിത-ശിശുവികസന വകുപ്പിൽനിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളിൽ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാത്ത എസ്.ആർ.ഒ.-കളായ 346/2022, 347/2022, 614/2022, 619/2022, 18/2023 എന്നീ എസ്.ആർ.ഒ.കൾ സംബന്ധിച്ച വിശദാംശം സാമൂഹ്യനീതി വകുപ്പിൽ നിന്നും തെളിവെടുപ്പ് ദിവസം രാവിലെയാണ് സമിതിക്ക് ലഭ്യമാക്കിയത്.

44. എസ്.ആർ.ഒ.കൾ യഥാസമയം സഭയുടെ മേശപ്പുറത്തുവച്ചാൽ മാത്രമേ അവയിന്മേൽ എന്തെങ്കിലും ഭേദഗതികൾ ആവശ്യമെങ്കിൽ ആയത് കണ്ടെത്തി സഭയിൽ അവതരിപ്പിക്കാൻ അംഗങ്ങൾക്ക് സാധിക്കുകയുള്ളൂവെന്നും എസ്.ആർ.ഒ.കൾ യഥാസമയം സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കാത്തത് നിയമസഭയുടെ അവകാശങ്ങളിന്മേലുള്ള ലംഘനമാണെന്നും അതിനാൽ എസ്.ആർ.ഒ.കൾ പുറപ്പെടുവിച്ച് രണ്ട് മാസത്തിനുള്ളിൽ തന്നെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പു വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വനിത ശിശു വികസന വകുപ്പിനുള്ള പൊതുനിർദേശം**

45. വൈകി ലഭിക്കുന്ന റിപ്പോർട്ടുകൾകൊണ്ട് സാമാജികർക്ക് ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നതിനാൽ റിപ്പോർട്ടുകൾ കൃത്യസമയത്ത് സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. കുടിശിക റിപ്പോർട്ടുകൾ ഒന്നിച്ച് സഭയിൽ സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും റിപ്പോർട്ടുകൾ അതാത് വർഷം തന്നെ തയ്യാറാക്കി ചട്ടപ്രകാരം സഭയിൽ സമർപ്പിക്കുന്നതിന് സ്ഥാപനമേധാവികൾക്ക് നിർദേശം നൽകണമെന്നും സമിതി നിർദേശിക്കുന്നു.

47. ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

48. നിശ്ചിത സമയപരിധികഴിഞ്ഞ് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടിനോടൊപ്പമുള്ള കാലതാമസപത്രിക നിശ്ചിതമാതൃകയിലല്ലാത്തതോ, കാല-താമസത്തിനുള്ള വിശദീകരണം തൃപ്തികരമല്ലാത്തതോ ആണെന്ന് സമിതി നിരീക്ഷിച്ചതിന്റെ പശ്ചാത്തലത്തിൽ കുടിശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രിക (വകുപ്പ് മന്ത്രി സാക്ഷ്യപ്പെടുത്തിയ 2 പകർപ്പും ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ 28 പകർപ്പും) ധനകാര്യ വകുപ്പിന്റെ 21.12.2013 -ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം-2) പ്രകാരമുള്ള മാതൃകയിലായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

49. ഓരോ വർഷത്തേയും കാലതാമസത്തിനുള്ള കാരണങ്ങൾ വ്യത്യസ്തമാണെന്നിരിക്കേ, കുടിശിക റിപ്പോർട്ടുകൾക്കെല്ലാംകൂടി ഒരൊറ്റ കാലതാമസപത്രിക ലഭ്യമാക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും ഓരോ വർഷത്തെ റിപ്പോർട്ടുകൾക്കും പ്രത്യേകം പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

50. സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായതിനുശേഷം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുന്നതിന് കാലതാമസം വരുത്തുന്നതായി വീക്ഷിച്ച സമിതി, ഇത്തരം നടപടി വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി വിലയിരുത്തുന്നതിനോടൊപ്പം വകുപ്പിൽ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ താമസംവിനാ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കേണ്ടതാണെന്നും നിർദേശിക്കുന്നു.

51. റിപ്പോർട്ടുകളോ അധികവിവരമോ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും നിരവധി കത്തുകൾ അയച്ചിട്ടും യാതൊരു മറുപടിയും

ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഉത്തരവാദിത്തമില്ലായ്മയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ സമിതിയിൽ നിന്ന് ലഭ്യമാകുന്ന കത്തുകൾക്ക് അതീവ പ്രാധാന്യം നൽകി മറുപടി നൽകാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

52. കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽവരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ (പി.എ.സി.ബി.) വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ (അനുബന്ധം- 3) ആയി ചേർക്കുന്നു.

53. ധനകാര്യ(പി.എ.സി) വകുപ്പിന്റെ 14.11.2008-ലെ 77/08/ധന നമ്പർ സർക്കുലറിലെ 5-ാമത്തെ നിർദേശമായ എസ്.ആർ.ഒ.കൾ, നോട്ടിഫിക്കേഷനുകൾ എന്നിവ പുറപ്പെടുവിക്കുന്ന എല്ലാ വിഭാഗത്തിലും അവയെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് മൂന്നു മാസത്തിലൊരിക്കൽ വകുപ്പു സെക്രട്ടറിയെക്കൊണ്ട് പരിശോധന നടത്തണമെന്നുമുള്ള നിർദേശം കൃത്യമായി പാലിക്കേണ്ടതാണ്.

പി.സി.വിഷ്ണുനാഥ്,
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

തിരുവനന്തപുരം,
23 ഫെബ്രുവരി 2026